# File No.LSGD-FM2/148/2019-LSGD

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കരവാളൂർ ഗ്രാമപഞ്ചായത്ത് - ഐ . എസ് . ഒ പ്രഖ്യാപനം , പൗരാവകാശ രേഖയുടെ പ്രകാശനം, ലൈഫ് ഭവന പദ്ധതി താക്കോൽ ദാനം, പ്രതിഭകളെ ആദരിക്കൽ - ചെലവുകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2537/2019/ത.സ്വ.ഭ.വ**     **തിരുവനന്തപുരം, തീയതി, 12/11/2019**

---

പരാമർശം:-1.കരവാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 30/7/2019 ലെ എ1/150/19 നമ്പർ കത്ത്.

2.കരവാളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/08/2019 ലെ എ1/150/19 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ കരവാളൂർ ഗ്രാമപഞ്ചായത്തിന്റെ ഐ.എസ്.ഒ പ്രഖ്യാപനം, 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കി പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശ രേഖയുടെ പ്രകാശനം, ലൈഫ് ഭവന പദ്ധതി താക്കോൽ ദാനം, വിവിധ മേഖലകളിൽ കഴിവു തെളിയിച്ച പ്രതിഭകളെ ആദരിക്കൽ എന്നീ ചടങ്ങുകൾ ആഗസ്റ്റ് മാസം 9 ന് നടന്നതായും, ആയതിനായി ചിലവായ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും കരവാളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.ടി പരിപാടികൾക്കായി 63,050/- രൂപ ചെലവ് വന്നതായി പരാമർശം (2) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരവാളൂർ ഗ്രാമപഞ്ചായത്തിൽ ആഗസ്റ്റ് മാസം 9 ന് നടന്ന ചടങ്ങുകൾക്ക് ചെലവായ 63,050/- രൂപ (അറുപത്തി മൂവായിരത്തി അമ്പത് രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി.**

പ്രസിഡന്റ്/സെക്രട്ടറി , കരവാളൂർ ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ